**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

നവകേരളം യുവകേരളം- ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് 18.1.2021-ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന ജനറൽ കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 465/AC B 7/2021/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 20.01.2021

---

*പരാമർശം:-*ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം ) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 18.01.2021 12.00 പി.എം ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രി 08.02.2021-ൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 18.01.2021 12.00 പി.എം ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന യോഗത്തിൽ മേൽ പരാമർശം പ്രകാരം താഴെ പറയുന്ന ശിപാർശകൾ കൈകൊണ്ടു.

1. 'നവകേരളം യുവകേരളം' പരിപാടിയുടെ ചിലവിൻറെ ഒരു വിഹിതം ഡി.എസ്.എസ് ന്റെ ഫണ്ടിൽനിന്നും നിന്നും ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ തേടുവാനും അടുത്ത യോഗത്തിൽ ഡി.എസ്.എസ് നെ കൂടി പങ്കെടുപ്പിക്കുവാനും ശിപാർശ ചെയ്തു.

2. സർവ്വകലാശാല ഇൻഫർമേഷൻ ബുക്കിൻറെ 500 കോപ്പികൾ കൂടി പ്രിൻറ് ചെയ്യുവാനും ഇതിന് ചിലവ് വരുന്ന തുക സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പിനായുള്ള തുകയിൽ നിന്നും വകയിരുത്തുവാനും ഇതിനായി സർവ്വകലാശാല എ.ഡി.ബി 8 സെക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തുവാനും ശിപാർശ ചെയ്തു.

Draft #5 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 20-Jan-2021 10:49 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 20-Jan-2021 10:49 AM - Page 2

3. സർവ്വകലാശാല ഹെൽത്ത് സെൻറ്ററിലെ മെഡിക്കൽ ടീമിൻറെ സേവനം സ്റ്റുഡന്റ്സ് മീറ്റിന്റെ സമയത്ത് ലഭ്യമാക്കുന്നതിനായി വേണ്ട നപടിപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്തു.

4. സ്റ്റുഡൻറ്സ് മീറ്റിന്റെ സുഗമമായ നടത്തിപ്പിനായി ഇൻറ്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ തടസരഹിതമായി ലഭ്യമാക്കുന്നതിന് വേണ്ട സൗകര്യം ഏർപ്പെടുത്തുവാൻ പരിപാടി നടക്കുന്ന ദിവസം നെറ്റ് വർക്ക് എൻജിനീയറിൻറെ സേവനം ലഭ്യമാക്കുവാൻ ശിപാർശ ചെയ്തു.

5. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിന്നും പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളും പരിപാടി നടക്കുന്ന ദിവസം പ്രദർശിപ്പിക്കേണ്ട വീഡിയോയും നിശ്ചിത ദിവസത്തിനകം നൽകുവാൻ കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് അറിയിപ്പ് നൽകുവാൻ ശിപാർശ ചെയ്തു.

6. പരിപാടി നടക്കുന്ന ദിവസം സർവ്വകലാശാല ഗീതം ആലപിക്കുവാൻ അമലഗിരി ബി.കെ കോളേജിലെ വിദ്യാർത്ഥികളെ ചുമതലപ്പെടുത്തുവാൻ കോളേജ് പ്രിൻസിപ്പലുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

7. ബഹു. മുഖ്യമന്ത്രിയുടെ സർവ്വകലാശാല സന്ദർശനവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്മെൻറ്റിൻറെ ഗേറ്റ് മുതൽ പരിപാടി നടക്കുന്ന സ്റ്റേഡിയത്തിന്റെ സമീപം വരെയുള്ള റോഡ് റീ - ടാറിംഗ് ചെയ്യുന്നതിനായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ചിട്ടുള്ള 1,25,000/- രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തായ്യായിരം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ഇതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുവാനും ശിപാർശ ചെയ്തു.

8. ഗവണ്മെൻറ്റുമായി ബന്ധപ്പെട്ട് പരിപാടി സംബന്ധിച്ച് പത്രപരസ്യം നൽകുന്നതിനായി പബ്ലിക് റിലേഷൻ ഓഫീസറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

9. പരിപാടി സംബന്ധിച്ച് നവമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനും, കോളേജുകളിൽ ഇത് സംബന്ധിച്ച് അറിയിപ്പ് നൽകികൊണ്ട് ബോർഡ് സ്ഥാപിക്കുന്നതിനും മറ്റ് പ്രചാരണ

പരിപാടികൾക്കും ചെലവാകുന്ന തുക സംബന്ധിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പബ്ലിക് റിലേഷൻ ഓഫീസറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

10. സ്റ്റുഡൻറ്സ് മീറ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിൻറെയും വിദ്യാർത്ഥികൾക്കും പരിപാടിയുമായി ഔദ്യോഗികമായി ബന്ധപ്പെട്ട് എത്തുന്ന പോലീസ്, ഫയർ ഫോഴ്സ്, ആരോഗ്യം തുടങ്ങിയ വിഭാഗം ജീവനക്കാർക്കും മാധ്യമ പ്രതിനിധികൾക്കും ഉച്ചഭക്ഷണം നൽകുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

11. അടുത്ത ജനറൽ കമ്മറ്റി യോഗം 22.01.2021, 02.00 പി.എം ന് ചേരുവാൻ ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും, ഫിനാൻസ് ഓഫീസറുടെയും പി.എ മാർക്ക്.
(3) അഡ്വ. പി. ഷാനവാസ് (സിൻഡിക്കേറ്റ് അംഗം & ജനറൽ കമ്മറ്റി കൺവീനർ )
(4) പ്രൊഫ:ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം& പ്രോഗ്രാം & കോ ഓർഡിനേഷൻ കമ്മറ്റി കൺവീനർ)
(5) ഡോ. ബി. കേരളവർമ ( സിൻഡിക്കേറ്റ് അംഗം & അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ)
(6) പ്രൊഫ: (ഡോ.) നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം&ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനർ)
(7) ഡോ. എ. ജോസ്, (സിൻഡിക്കേറ്റ് അംഗം & ധനകാര്യം കമ്മറ്റി കൺവീനർ)
(8) ഡോ . ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം, സ്റ്റേജ് & ഹാൾ കമ്മറ്റി കൺവീനർ)
(9) ഡോ.വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം & പബ്ലിസിറ്റി കമ്മറ്റി കൺവീനർ)

Draft #5 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 20-Jan-2021 10:49 AM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(10) ഡോ. സുധാകരൻ കെ. എം (സിൻഡിക്കേറ്റ് അംഗം & ടെക്നിക്കൽ കമ്മറ്റി കൺവീനർ)

(11) ഡോ. ഷാജിലാ ബീവി എസ്. (സിൻഡിക്കേറ്റ് അംഗം & റിസപ്ഷൻ കമ്മറ്റി കൺവീനർ)

(12) ശ്രീ.മുഹമ്മദ് അബ്ബാസ് എസ്. (സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി

(13 ) സർവ്വകലാശാല എൻജിനിയർ (തുടർ നടപടികൾക്കായി

(14) ജെ.ആർ 1 (ഭരണം), ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
എ.ആർ 4 (അക്കാദമിക് )

(15 ) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ.

(18) എ.ഡി.ബി 8, ഡി .എസ്.എസ് സെക്ഷൻ

(19) ഹോണററി മെഡിക്കൽ ഡയറക്ടർ ,സർവകലാശാലാ ഹെൽത്ത് സെന്റർ (തുടർ നടപടികൾക്കായി )

17 ) പി ആർ ഒ (തുടർ നടപടികൾക്കായി )

(18 ) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

Draft #5 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 20-Jan-2021 10:49 AM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം